₹ 5/-

# റിയൽ ലൈഫ് വോയ്സ്

REAL LIFE VOICE

Monthly

Volume 14
Issue 3

**September 2025**

pages 24

"അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു"

**(കൊലൊസ്യർ 1:28–29)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L  L I F E  V O I C E

**Volume 14   Issue 3   September 2025   pages 24   Rs.5/**

**Email:** reallifekottekad@gmail.com
**Website:** www.reallifevoice.in

*Real Life Voice is a Christian magazine dedicated to studying the Word of God and analysing current events*

**Book No. 165**

**Editor:**
Dr. Sebastian M.V.
Ph: 95 44 557 557

**DTP:**
Dr. Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


## ഉള്ളടക്കം

പേജ്


- **ബജ്രംഗ്ദളിലെ ഗുണ്ടകൾ** 3
- **പ്രതികരണങ്ങൾ** 6
- **ആസ്യയിലെ ഏഴ് സഭകൾ** (19) 7
- **കെ. വി. ഐസക്ക്**(അഭിമുഖം)(18) 10
- **യോനാ** (പുസ്തകപഠനം) (16) 14
- **ജോർജ്ജും ബേബിയും** (3) 17
- **ഓർമ്മകൾ** (43) 20
- **ഇരയല്ല, പോരാളിയാണ്** 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ബജ്റംഗ്ദളിലെ ആൺഗുണ്ടകളും പെൺഗുണ്ടകളും

ക്രിസ്ത്യാനികൾ മതപരിവർത്തനം നടത്തുന്നുവെന്ന് ആരോപിച്ച് അവരെ ആക്രമിക്കുന്ന കാര്യത്തിൽ ഇപ്പോൾ ഇന്ത്യയിൽ മുന്നിട്ട് നിൽക്കുന്നത് ബജ്റംഗ്ദൾ എന്ന പ്രസ്ഥാനമാണ്. മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും ആക്രമിക്കുക എന്നതാണ് ഇപ്പോൾ ഇവരുടെ പ്രധാന ലക്ഷ്യം. 1984 ഒക്ടോബറിൽ ഉത്തർപ്രദേശിൽ രൂപംകൊണ്ട ഈ പ്രസ്ഥാനം ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ രാജ്യമൊട്ടാകെ പടർന്നുപന്തലിക്കുകയും മറ്റു മതങ്ങൾക്കുനേരെ അങ്ങേയറ്റം ആക്രമണോത്സുകത പ്രകടിപ്പിക്കുകയും ചെയ്തു.

ഇക്കൂട്ടരെ നിരോധിക്കണമെന്ന ആവശ്യം പല കോണുകളിൽനിന്ന് പലതവണ ഉയർന്നിട്ടുണ്ടെങ്കിലും ഹൈന്ദവതീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നവർ അധികാരക്കസേരകളിൽ അള്ളിപ്പിടിച്ചിരിക്കുന്നിടത്തോളം കാലം അതു നടപ്പിലാകുമെന്നു തോന്നുന്നില്ല. ഹിന്ദുത്വം എന്ന ആശയമാണ് തങ്ങൾ ഉയർത്തിപ്പിടിക്കുന്നത് എന്ന് അവർ അവകാശപ്പെടുന്നതുകൊണ്ട്, ഹിന്ദുക്കൾക്ക് ഭൂരിപക്ഷമുള്ള ഭാരതത്തിൽ അവരെ നിരോധിക്കുന്നത് മിക്ക ഹിന്ദുക്കളുടെയും മനസ്സിനെ വ്രണപ്പെടുത്തുമെന്നും തിരഞ്ഞെടുപ്പിൽ അത് തിരിച്ചടിക്ക് കാരണമാകും എന്നുമുള്ള ഭയമുള്ളതിനാൽ, ബിജെപി മാറി വേറെ ആര് കേന്ദ്രത്തിൽ അധികാരത്തിൽ വന്നാലും ബജ്റംഗ്ദളിനെ നിരോധിക്കുവാൻ സാധ്യത കുറവാണ്.

ഈയിടെ മലയാളികളായ കന്യാസ്ത്രീകളെ ആക്രമിച്ചപ്പോഴാണ് കത്തോലിക്കരും രാഷ്ട്രീയക്കാരും സടകുടഞ്ഞെണീറ്റ് ബജ്റംഗ്ദളിനെതിരെ ശബ്ദമുയർത്തിയത്. അതിനു മുമ്പ് നിരവധി പാസ്റ്റർമാരും വിശ്വാസികളും ഇവരുടെ ക്രൂരമായ ആക്രമണത്തിനു വിധേയരായെങ്കിലും വലിയ പ്രതിഷേധമൊന്നും ഉണ്ടായില്ല. സഭാഹാളുകൾ അടിച്ചുതകർക്കുക, തീവയ്ക്കുക, ക്രിസ്ത്യാനികളെ മർദ്ദിക്കുക, അടിച്ചോടിക്കുക തുടങ്ങിയ കാര്യങ്ങൾ ഈ ഇന്ത്യാരാജ്യത്ത് തുടർച്ചയായി അരങ്ങേറി! ചോദിക്കാനും പറയാനും ആരുമുണ്ടായില്ല.

**ഹനുമാന്റെ ആരാധകർ!**

വിശ്വഹിന്ദുപരിഷത്തിന്റെ യുവജനവിഭാഗമാണ് ബജ്രംഗ്ദൾ. ആ പേരിന്റെ അർത്ഥം 'ബജ്രംഗ്ബലിയുടെ സൈന്യം' (Brigade of Bajrangbali) എന്നാണ്. ആരാണ് ഈ ബജ്രംഗ്ബലി? ഇടിമിന്നൽ പോലെ കരുത്തുള്ള ശരീരമുള്ളവൻ എന്നാണ് ആ വാക്കിന്റെ അർത്ഥം. ഹനുമാനെയാണ് ആ പേരിൽ വിളിക്കുന്നത്. പണ്ട്, ഹനുമാൻ കുഞ്ഞായിരുന്നപ്പോൾ സൂര്യനെ തിന്നാനൊരുങ്ങിയത്രേ! അപ്പോൾ ഇന്ദ്രൻ തന്റെ വജ്രായുധംകൊണ്ട് ആ കുട്ടിയെ അടിച്ചുവത്രേ! ഇത്രയും കരുത്തുള്ള അടി കിട്ടിയിട്ടും നിസ്സാരമായ ഒരു പാട് (അടയാളം) മാത്രമേ ആ ശരീരത്തിൽ ഉണ്ടായുള്ളൂവത്രേ! അങ്ങനെയാണ് ഹനുമാന് ബജ്രംഗ്ബലി എന്ന പേര് ലഭിച്ചത്.

സൂര്യനെ വിഴുങ്ങാനൊരുങ്ങിയ 'കുരുത്തക്കേട്' കാണിച്ചുവെന്നല്ലാതെ ഹനുമാൻജിയുടെ പേരിൽ മറ്റു പേരുദോഷങ്ങളൊന്നുമില്ല. ലക്ഷ്മണിനെ രക്ഷിക്കാൻ മൃതസഞ്ജീവനി കൊണ്ടുവന്നത്, സീതയെ രക്ഷിക്കാൻ സമുദ്രം ചാടിക്കടന്നത്, ലങ്കയ്ക്ക് തീ വച്ചത് തുടങ്ങിയവയെല്ലാം ആരെയെങ്കിലും രക്ഷിക്കുന്നതോടുള്ള ബന്ധത്തിൽ ചെയ്തവയാണ്. കറകളഞ്ഞ രാമഭക്തനായിരുന്നു ഹനുമാൻ. ആരുടെയെങ്കിലും മതവിശ്വാസങ്ങളെ ഹനിക്കുന്ന ഏർപ്പാട് രണ്ടുപേർക്കും ഉണ്ടായിരുന്നതായി ഏതെങ്കിലും കഥാപുസ്തകങ്ങളിൽ വായിച്ചിട്ടില്ല. ഈ ഹനുമാന്റ സൈന്യം എന്ന് സ്വയം അവകാശപ്പെടുന്ന ബജ്രംഗ്ദൾ ക്രിസ്ത്യാനികളുടെയും മുസ്ലീങ്ങളുടെയും നെഞ്ചത്ത് കേറി താണ്ഡവനൃത്തമാടുന്നതിന്റെ ഔചിത്യം എന്ത്?

**ധാരാസിംഗ്**

1999 ജനുവരിയിൽ ബജ്രംഗ്ദൾ പ്രവർത്തകർ ഓസ്ട്രേലിയൻ മിഷനറി ആയിരുന്ന ഗ്രഹാംസ്റ്റെയിൻസിനെയും അദ്ദേഹത്തിന്റെ ആറും പത്തും വയസ്സുള്ള രണ്ട് ആൺമക്കളെയും തീ വച്ച് അതിദാരുണമായി കൊലപ്പെടുത്തിയപ്പോൾ ലോകമനസ്സാക്ഷി തന്നെ മരവിച്ചുപോയി. അത്യന്തം ഹീനമായ ആ കൊലപാതകങ്ങൾക്ക് നേതൃത്വം കൊടുത്തത് ധാരാസിംഗ് എന്നയാളാണ്. പശുക്കടത്ത് ആരോപിച്ച് ആളുകളെ ക്രൂരമായി കൊന്നതും, അരുൾദാസ് എന്ന കത്തോലിക്കാപുരോഹിതനെ കൊന്നതും ഉൾപ്പെടെ ഇയാളുടെ പേരിലുള്ള കുറ്റകൃത്യങ്ങൾ നിരവധിയാണ്. ബജ്രംഗ്ദൾ എന്ന പ്രസ്ഥാനത്തിന്റെ സജീവപ്രവർത്തകനായിരുന്നു ഇയാൾ.

2000 മുതൽ ജയിലിൽ കഴിയുന്ന ധാരാസിംഗ്, 24 വർഷങ്ങൾക്കുശേഷം, 2024 ൽ, തന്റെ കുറ്റകൃത്യങ്ങളിൽ തനിക്ക് പശ്ചാത്താപമുണ്ടെന്നും തന്നെ വിട്ടയയ്ക്കണമെന്നും സുപ്രീംകോടതിയെ അറിയിച്ചു. ചെയ്തുകൂ

ട്ടിയ കൊലപാതകങ്ങളിലും മറ്റു കുറ്റകൃത്യങ്ങളിലും തനിക്ക് പശ്ചാത്താപമുണ്ടെന്ന് ധാരാസിംഗ് എന്ന ബജ്രംഗ്ദൾ പ്രവർത്തകൻ വൈകിയാണെങ്കിലും തുറന്നു സമ്മതിച്ചതുപോലെ, മതഭ്രാന്ത് മൂത്ത് വർഗ്ഗീയവിഷം ചീറ്റി സാധുക്കളായ വിശ്വാസികളെ തല്ലിയൊതുക്കാനും അടിച്ചോടിക്കാനും കൊന്നുതള്ളാനും നോക്കുന്ന ഓരോ ബജ്രംഗ്ദൾ ആൺഗുണ്ടയും പെൺഗുണ്ടയും, തങ്ങളുടെ ചെയ്തികൾ തെറ്റായിരുന്നുവെന്ന് ഏറ്റുപറയുന്ന ഒരു ദിവസം വരുമെന്ന് തീർച്ച.

**ഇന്ത്യയിലെ മതസ്വാതന്ത്ര്യം**

മതേതരത്വം മുറുകെപ്പിടിച്ചുകൊണ്ടുള്ള ഒരു ഭരണഘടനയാണ് നമ്മുടെ രാജ്യത്തിന്റേത്. പക്ഷേ ബജ്രംഗ്ദളിന്റെ ആശയങ്ങളെക്കുറിച്ച് വിക്കിപീഡിയ നൽകുന്ന വിവരമനുസരിച്ച്, അവർ ഹിന്ദുദേശീയതയ്ക്കും, ഇസ്ലാംവിദ്വേഷത്തിനും ക്രൈസ്തവവിരുദ്ധതയ്ക്കും പ്രാധാന്യം കൊടുക്കുന്ന പ്രസ്ഥാനമാണ്. വിക്കിപീഡിയ ഇങ്ങനെ പ്രസിദ്ധീകരിച്ചിട്ടും അവരാരും അതിനെതിരെ രംഗത്തുവന്നിട്ടില്ല. ഓൺലൈൻ വിജ്ഞാനകോശമായ വിക്കിപീഡിയ പറഞ്ഞതത്രയും ശരിയാണെന്നർത്ഥം. മതേതരമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഭരണഘടനയുള്ള ഒരു രാജ്യത്ത് ഇതുപോലെയുള്ള ഒരു പ്രസ്ഥാനം ജൈത്രയാത്ര നടത്തുന്നത് അതിശയം തന്നെ! ഭരണഘടനയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഈ സംഘടനയെ നിരോധിക്കുവാൻ ആരും മുന്നോട്ടു വരാത്തതെന്ത്?

**ഓർക്കുക – നിങ്ങൾ ആദ്യത്തേതല്ല**

ബജ്രംഗ്ദൾ ഗുണ്ടകളോട് ഒരു ക്രിസ്ത്യാനി എന്ന നിലയിൽ ഞാൻ പറയട്ടെ: ക്രൈസ്തവർക്കെതിരെ പീഡനമഴിച്ചുവിട്ട ആദ്യത്തെ കൂട്ടരല്ല നിങ്ങൾ. ക്രിസ്ത്യാനികളുടെ കൂട്ടം ഉണ്ടായ അന്നു മുതൽ കൊടുംപീഡയാണ് പല സ്രോതസ്സുകളിൽനിന്നും ഉണ്ടായിട്ടുള്ളത്. ആദ്യം യെഹൂദന്മാർ, പിന്നെ റോമൻഭരണകൂടങ്ങൾ എന്നു തുടങ്ങി കാലചക്രത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ബജ്രംഗ്ദളിനേക്കാൾ പതിന്മടങ്ങ് ശക്തരും ക്രൂരന്മാരും ആയിട്ടുള്ളവർ അട്ടഹസിച്ച്, കൊലവിളി നടത്തി, ഇല്ലായ്മ ചെയ്യാൻ നോക്കിയ പ്രസ്ഥാനമാണ് ക്രൈസ്തവസഭ. അനേകം വിശുദ്ധന്മാരുടെ ചോരയും മാംസവും ഇവിടെ ചിതറിത്തെറിച്ചുവെന്നത് നേര്. അനേകം ഭക്തരുടെ കണ്ണീരും നിലവിളിയും ഉണ്ടായി എന്നത് നേര്... പക്ഷേ ക്രൈസ്തവസഭ ഇന്നും തലയുയർത്തി ഇവിടെയുണ്ട് എന്നതും നേര് തന്നെ!

ബജ്രംഗ്ദൾഗുണ്ടകളേ, നിങ്ങൾ തകർന്നുപോവുകയേയുള്ളൂ. ക്രൈസ്തവസഭ ഇവിടെ ശേഷിക്കും. കാരണം അതിന്റെ അമരത്തുള്ളവൻ മരണത്തെ ജയിച്ചു ഉയിർത്തെഴുന്നേറ്റവനാണ്.

**എംവിഎസ്**

| കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ | |
|---|---|
| **Address** | **Reason** |
| V A Charley, Ammathy, Coorg | Deceased |
| Ligi George, Gudallur, Tamil Nadu | Insufficient address |
| The Ashram Press, Manganam, Kottayam | No reason given |
| Sabu K S, Mannanthala, Trivandrum | Left |
| Cijo Jacob, Balbagh Road, Banglore | Left |
| Alexander T A | Left |
| Sajeev P A, Chully, Ernakulam | Left |
| Jose Plathottathil, Poozhithod, Kozhikode | No reason given |

**ഈ ലിസ്റ്റിൽ സിജോ ജേക്കബ്, സാബു കെ.എസ്., ജോസ് പ്ലാത്തോട്ടത്തിൽ എന്നിവരെയെല്ലാം എനിക്ക് വ്യക്തമായി അറിയാവുന്നവരാണ്. അവരുടെ അഡ്രസ്സും ശരിയാണ്. എന്നിട്ടും അവ മടങ്ങിവന്നു!!**

# അറിയാൻ വൈകി

**അശോകൻ അമ്പാടി**

അറിയാൻ വൈകി ഞാനേശുവിനെ
അറിഞ്ഞപ്പോൾ എന്തൊരാനന്ദമേ
തൻ ചങ്കിനോടെന്നെ ചേർത്തുനിർത്തി
ആ ചങ്കിലെ ചൂടെനിക്കു തന്നു

കരുതാനും പോറ്റാനും കൂടെനിന്നു – യേശു
കണ്ണീർ തുടയ്ക്കാനും കൂടെ നിന്നു
കൂട്ടുകൂടാൻ എന്റെ കൂടെ വന്നു – യേശു
കൂട്ടുകാരൻ എന്ന പോലെ വന്നു

നാഥനെനിക്കായി വീടൊരുക്കി, അവിടെ
നാഥനെനിക്കായി ഊണൊരുക്കി
നാഥനെന്നെ പാടി ഉറക്കീടുന്നു
നാഥനെന്നെ വിളിച്ചുണർത്തീടുന്നു

ഇനി എന്റെ ജീവിതം, തമ്പുരാനേ
അങ്ങേക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു
അങ്ങേക്കുവേണ്ടി ഞാൻ പാടിടുന്നു
അവിടുത്തെ നാമത്തിൽ പാടിടുന്നു

# ആസ്യയിലെ ഏഴ് സഭകൾ

**19** **വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

**ഡോ. എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

## തുയഥൈരയിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 2:18-29)

*ഞാൻ നിന്റെ പ്രവൃത്തിയും നിന്റെ സ്നേഹം, വിശ്വാസം, ശുശ്രൂഷ, സഹിഷ്ണുത എന്നിവയും നിന്റെ ഒടുവിലത്തെ പ്രവൃത്തി ആദ്യത്തേതിലും ഏറെയെന്നും അറിയുന്നു (2:19)*

എഫെസൊസിലെ സഭയിൽ ആദ്യസ്നേഹം കുറഞ്ഞുപോയി; പക്ഷേ തുയഥൈരയിലെ സഭയിൽ ആദ്യത്തെ പ്രവൃത്തി കൂടിവന്നു.

ദൈവനാമത്തിൽ നാം ചെയ്യുന്ന പ്രവൃത്തികളെല്ലാം ദൈവം അറിയുന്നു. ദൈവത്തോടും കൂട്ടുസഹോദരന്മാരോടും നാം കാണിക്കുന്ന സ്നേഹവും നമ്മുടെ വിശ്വാസത്തിന്റെ ഘനവും അവിടുന്ന് അറിയുന്നു. നാം ചെയ്യുന്ന ശുശ്രൂഷകളുടെ ആത്മാർത്ഥതയും അറിയുന്നവനാണ് നമ്മുടെ കർത്താവ്. ഉപദ്രവങ്ങളും കഷ്ടതയും വരുമ്പോൾ നാം കാണിക്കുന്ന സഹിഷ്ണുതയും കർത്താവ് അറിയുന്നു. എല്ലാം ഉള്ളതുപോലെ അറിയുന്നവനാണ് അവിടുന്ന്. മനുഷ്യൻ അഭിനയിക്കുന്നതിൽ മിടുക്കനാണ്. അവന് സ്നേഹവും വിശ്വാസവുമെല്ലാം അഭിനയിച്ചു കാണിക്കാൻ കഴിയും. മറ്റുള്ളവർക്ക് അത് തിരിച്ചറിയാൻ കഴിയണമെന്നില്ല. പക്ഷേ ഹൃദയങ്ങളെ അറിയുന്ന കർത്താവിന് അതെല്ലാം തിരിച്ചറിയാൻ കഴിയും. ഒരു സഭ എന്ന നിലയിൽ തുയഥൈരസഭയുടെ ഗുണങ്ങൾ കർത്താവ് ഇവിടെ ചൂണ്ടിക്കാണിക്കുന്നു. ഓരോ പ്രാദേശികസഭയെയും കുറിച്ച് കർത്താവിന് ഇപ്രകാരം പറയാൻ കഴിയുമോ?

*എങ്കിലും താൻ പ്രവാചകി എന്നു പറഞ്ഞ് ദുർന്നടപ്പ് ആചരിപ്പാനും വിഗ്രഹാർപ്പിതം തിന്മാനും എന്റെ ദാസന്മാരെ ഉപദേശിക്കയും തെറ്റിച്ചുകളകയും ചെയ്യുന്ന ഈസേബെൽ എന്ന സ്ത്രീയെ നീ അനുവദിക്കുന്നു എന്നൊരു കുറ്റം നിന്നെക്കുറിച്ച് പറവാൻ ഉണ്ട് (2:20)*

ഗുണങ്ങൾ ഏറെയുണ്ട്. എന്നാൽ ഗുണങ്ങളുടെ ബഹുത്വം കൊണ്ട് ദോഷം ദോഷമല്ലാതാകുന്നില്ല. ഒരു കുറവ് തുയഥൈരയിലെ സഭയ്ക്കുണ്ട്.

**ഈസേബെൽ എന്ന സ്ത്രീ**

സ്വയം പ്രവാചകിയാണെന്ന് അവകാശപ്പെടുന്ന ഒരു സ്ത്രീയെ ആ സഭ അനുവദിക്കുന്നു എന്നതാണ് അവരുടെ തെറ്റ്. ഈസേബെൽ എന്നാണ് ആ സ്ത്രീയുടെ പേര് പറഞ്ഞിരിക്കുന്നത്. അത് യഥാർത്ഥ പേര് ആയിക്കൊള്ളണമെന്നില്ല. ദുഷ്ടനായ ആഹാബിനെ ഉപദേശിച്ച ആഹാബിന്റെ ഭാര്യയുടെ പേര് (ഈസേബെൽ) പ്രതീകാത്മകമായി ഉപയോഗിച്ചതായിരിക്കാം (2 രാജാക്കന്മാർ 9). ദുഷ്ടതയുടെ പര്യായപദമായി ആ പേര് ഉപയോഗിച്ചതാകാൻ തന്നെയാണ് സാധ്യത.

പ്രവാചകിയാണ് എന്ന അവകാശവാദം സഭ അംഗീകരിച്ചുകൊടുത്തു. അവളിലുള്ളതായി പറയപ്പെടുന്ന പ്രവചനവരത്തെ ശോധന ചെയ്ത് ഉറപ്പുവരുത്താൻ അവർ തയ്യാറായില്ല. ഇക്കാലത്തും ചില സഭകളിൽ പ്രവാചകിമാർ എന്നവകാശപ്പെടുന്നവർ ഉണ്ടല്ലോ. ദൈവവചനത്തിന് വിപരീതമായ പ്രവൃത്തികളോ ഉപദേശങ്ങളോ അവർ പുറപ്പെടുവിക്കുന്നുണ്ടെങ്കിൽ അവർ നുണയത്തികളാണെന്നതിന് തർക്കം വേണ്ട. ദൈവസഭയിലെ കള്ളപ്രവാചകിമാർ (കള്ളപ്രവാചകന്മാരും) എത്രയെത്ര കുടുംബങ്ങൾ തകർത്തിരിക്കുന്നു! എത്രയെത്ര സഭകൾ തകർത്തിരിക്കുന്നു! എത്രയെത്ര വ്യക്തിബന്ധങ്ങൾ തകർത്തിരിക്കുന്നു! അഭിനയകലയിൽ മിടുക്കരായ ഇക്കൂട്ടരുടെ കള്ളത്തരങ്ങൾ മനസ്സിലാക്കുന്നതിൽ സഭ ഒരിക്കലും പരാജയപ്പെടാൻ പാടില്ലായിരുന്നു.

അവളെ സഭയിൽ ഉപദേശിക്കാൻ സഭ അനുവദിച്ചു. “സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ” എന്നാണ് പ്രമാണം (1 കൊരിന്ത്യർ 14:34). ഈ മിണ്ടാതിരിക്കലിന്റെ പരിധിയിൽ വരുന്നത് സങ്കീർത്തനം, ഉപദേശം, വെളിപ്പാട്, അന്യഭാഷ, വ്യാഖ്യാനം എന്നിവയാണ് (14:26). മാത്രമല്ല, ഏതെങ്കിലും കാര്യങ്ങളെക്കുറിച്ച് അവൾക്ക് കൂടുതലറിയാൻ ആഗ്രഹമുണ്ടെങ്കിൽ അവൾ അതിനെക്കുറിച്ച് പരസ്യമായി സഭയിൽ ചോദ്യംചോദിക്കൽ വേണ്ട (14:35). ഇങ്ങനെയൊക്കെ പരിശുദ്ധാത്മാവ് വ്യക്തമായി പഠിപ്പിച്ചിട്ടും, ഈസേബെൽ എന്ന സ്ത്രീ തുയഥൈരയിലെ സഭയിൽ പ്രവചനം പറഞ്ഞ് ഉപദേശിക്കുന്ന സ്ഥിതിവിശേഷമുണ്ടായി. അനേകം ഗുണങ്ങളുള്ള തുയഥൈരാ സഭയുടെ ഭാഗത്തുനിന്നു വന്ന വലിയ വീഴ്ചയായിരുന്നു അത്.

**അവളുടെ ഉപദേശങ്ങൾ**

1. ദുർന്നടപ്പ് ആചരിക്കാം: അതിന് അവൾ നിരത്തിയ ‘തെളിവുകൾ’ എന്തൊക്കെയാണെന്ന് നമുക്കറിഞ്ഞുകൂടാ. അബ്രാഹാം, മോശെ, ദാവീദ്,

ശലോമോൻ എന്നിവരുടെ ഭാഗത്തുണ്ടായ വീഴ്ചകളെ അവൾ വെള്ളപൂശി അവതരിപ്പിച്ചിരിക്കാം. ശരീരം നശിച്ചുപോകാനുള്ളതാണെന്നും ദുർന്നടപ്പ് ശരീരവുമായി ബന്ധപ്പെട്ടതാണെന്നും ആത്മാവുമായി യാതൊരു ബന്ധവുമില്ലെന്നും അവൾ വാദിച്ചിരിക്കുമോ? താൻ പ്രവാചകി എന്ന് പറഞ്ഞ് മറ്റുള്ളവരെ വിശ്വസിപ്പിച്ചിരിക്കയാൽ, എന്നോട് ദൈവം ഇപ്രകാരം പറഞ്ഞു, എന്നു പറഞ്ഞ് ദുർന്നടപ്പിനെ അവൾ പ്രോത്സാഹിപ്പിച്ചുവോ?

ഏതായാലും അവൾ വിജയകരമായി തന്റെ 'ശുശ്രൂഷ' തുടർന്നു. ദുർന്നടപ്പിനെ ന്യായീകരിക്കുന്നത് ഇന്നും നാം കാണുന്നുണ്ടല്ലോ. സ്വവർഗ്ഗഭോഗം, വിവാഹമോചനം, ഭാര്യ/ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ മറ്റൊരു കല്യാണം കഴിക്കുന്നത്... ഇതിനെയെല്ലാം ന്യായീകരിച്ചുകൊണ്ടുള്ള വാദഗതികളും വേദപുസ്തകത്തിൽനിന്നുള്ള 'തെളിവുകൾ' നിരത്തലും ക്ഷാമമില്ലാതെ തുടരുന്നുണ്ട്. തുയഥൈരസഭയിലെ ഈസേബെൽ അന്ന് നടത്തിയ ശുശ്രൂഷ ഇന്നും തടസ്സമില്ലാതെ പിശാച് തുടരുന്നുവെന്നു വ്യക്തം.

2. വിഗ്രഹാർപ്പിതം തിന്നാം: വിഗ്രഹത്തിന് അർപ്പിച്ച നേർച്ചകളും പായസവും മലരും എല്ലാം ഇത് ഇന്നയിടത്തെ നേർച്ചയാണ് എന്ന് പറഞ്ഞ് ചിലർ തരുമ്പോൾ, അത് ബഹുമാനത്തോടെ വാങ്ങി കഴിക്കുന്നത് തെറ്റാണ്. പക്ഷേ അതിൽ തെറ്റില്ല എന്ന് ഈസേബെൽ വാദിച്ചു. ദൈവം ദർശനത്തിൽ കാണിച്ചുകൊടുത്തു എന്ന് പറഞ്ഞാൽ മതിയല്ലോ; അവൾ പ്രവാചികയാണല്ലോ.

**ഉപദേശിക്കയും തെറ്റിച്ചുകളകയും**

കർത്താവ് സ്വന്തരക്തത്താൽ വീണ്ടെടുത്ത തന്റെ ദാസന്മാരെ ഉപദേശിക്കുകയും അവരെ തെറ്റിച്ചുകളയുകയും ചെയ്യുന്ന പ്രവാചകിയായിരുന്നു അവൾ. ഇന്നും ഇതുപോലെയുള്ള ജന്മങ്ങൾ ഇല്ലേ? പ്രവചനമാണ് ആത്മികഗോളത്തിലെ സകല തട്ടിപ്പുവീരന്മാരുടെയും പ്രധാന ആയുധം. ദൈവം എന്നോട് സംസാരിക്കുന്നു എന്നും പറഞ്ഞ് വായിൽ തോന്നിയത് തട്ടിവിടും. അത് തൊണ്ട തൊടാതെ വിഴുങ്ങാൻ കുറെ പേരും! ബൈബിൾ എല്ലാ ദിവസവും വായിക്കുകയും കുറച്ചുനേരം ഇരുന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്ന സ്വഭാവം എല്ലാ വിശ്വാസികളും വളർത്തിയെടുത്താൽ ഇമ്മാതിരിയുള്ള തട്ടിപ്പുവീരന്മാരുടെ കയ്യിലകപ്പെടാതെ നോക്കാവുന്നതാണ്.

"ഈസേബെൽ എന്ന സ്ത്രീയെ  നീ അനുവദിക്കുന്നു" എന്നാണ് കർത്താവ് കുറ്റപ്പെടുത്തിയത്. അവളെ തടയാൻ ആരും ഉണ്ടായില്ല! ആകർഷിക്കത്തക്ക എന്തെങ്കിലും 'വരങ്ങൾ' അവളിൽ ഉണ്ടായിരുന്നിരിക്കാം. അവളുടെ പ്രാർത്ഥന, സംസാരം എല്ലാം കെങ്കേമമായിരിക്കാം. ദിവ്യമായ പരിവേഷം വളർത്തിയെടുക്കുന്നതിൽ അവൾ ഒരു വിജയമായിരുന്നു. പക്ഷേ സഭയുടെ നേരെയാണ് കർത്താവ് വിരൽ ചൂണ്ടുന്നത്.

**(തുടരും)**

സുവിശേഷകനായ

# കെ. വി. ഐസക്, പീച്ചി (18)

**അഭിമുഖം**



*ഈ ഗേഹം വിട്ടുപോകിലും, എന്റെ ദൈവം മതിയായവൻ, എന്നേശു നാഥന്റെ വരവെന്നോ, യേശുവേ നീ കൂടവേ..* എന്നിങ്ങനെ 60-ലധികം ക്രിസ്തീയഗാനങ്ങളുടെ ശില്പി. ബ്രദറൺ സുവിശേഷകൻ. വേദാദ്ധ്യാപകൻ.

## 24. ഒരു ആടിന്റെ പിന്നാലെയുള്ള ഓട്ടം

ചുവന്നമണ്ണിലെ പ്രവർത്തനം 1986-87 കാലഘട്ടത്തിൽ ആരംഭിച്ചപ്പോൾ, പോൾ, ഹരിദാസ്, വർഗ്ഗീസ് എന്നിവരാണ് ആദ്യഘട്ടത്തിൽ രക്ഷിക്കപ്പെട്ട് വന്നത്. ബൈബിൾ ക്ലാസ്സ് തുടർച്ചയായി നടക്കുന്നുണ്ടായിരുന്നു. ഹൈന്ദവപശ്ചാത്തലത്തിൽ നിന്ന് മുന്നോട്ടുവന്ന ഹരിദാസിന് വീട്ടിൽനിന്ന് ശക്തമായ എതിർപ്പുണ്ടായിരുന്നു. ഹരിദാസിന്റെ വീട്ടിൽ താൻ ഏകമകനായിരുന്നു. പിന്നെയുള്ളത് മൂന്ന് പെങ്ങമ്മാരായിരുന്നു. ഒരു ദിവസം ബൈബിൾക്ലാസ്സ് നടക്കുമ്പോൾ ഹരിദാസിന്റെ അച്ഛൻ വന്ന് അവനെ കൈക്ക് പിടിച്ച് വലിച്ചിഴച്ച് കൊണ്ടുപോയി. അവൻ അന്ന് പത്താംക്ലാസ്സിൽ പഠിക്കുന്ന കുട്ടിയായിരുന്നു. പിന്നീട് ഹരിദാസ് രക്ഷിക്കപ്പെടുകയും ചിറക്കേക്കോട്സഭയിൽ യോഗത്തിന് പോകുകയും ചെയ്തു.

ഒരു ദിവസം ഹരിദാസിനെ കാണാതെയായി. അവന്റെ വീട്ടിലേക്ക് ചെന്നാൽ വലിയ എതിർപ്പാണ് നേരിടേണ്ടിവരുന്നത്. പലയിടത്തും ഞങ്ങൾ അവനെ അന്വേഷിച്ചു. ഒരു വിവരവും കിട്ടിയില്ല. അറിയാവുന്നവരോടും കൂട്ടുകാരോടുമെല്ലാം ചോദിച്ചു. ആർക്കും അറിഞ്ഞുകൂടാ. ഒരു മാസത്തോളം ഞങ്ങൾ ഹരിദാസിനെ ഓർത്ത് വളരെ കണ്ണുനീരോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഹരിദാസിന്റെ ബന്ധുക്കളെക്കുറിച്ചൊന്നും കൂടുതൽ വിവരങ്ങൾ ഞങ്ങൾക്കറിഞ്ഞുകൂടായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം ബൈബിൾക്ലാസ്സ് നടക്കുമ്പോൾ, സന്ധ്യാസമയത്ത് ഹരിദാസും കൂടെയൊരു യൗവനക്കാരനും അവിടേക്ക് വന്നു. കൂടെയുള്ള യൗവനക്കാരൻ മുമ്പേ നടക്കുകയും ഒരു പാട്ടിന്റെ വരികൾ കരഞ്ഞുകൊണ്ട് പാടുകയും ചെയ്തു. ഞാൻ എഴുതിയ *എന്നു വന്നുകാണും എന്റെ പൊന്നു നാഥനേ* എന്ന ഗാനമാണ് ആ യൗവനക്കാരൻ പാടിയത്. ഞാൻ ഹരിദാസിനെ ആ ഗാനം പഠിപ്പിച്ചിട്ടുണ്ടായിരുന്നു.

മൂവാറ്റുപുഴ പണ്ടപ്പിള്ളി ഭാഗത്ത് ഹരിദാസിന്റെ അച്ഛന്റെ പെങ്ങൾ താമസിക്കുന്നുണ്ടായിരുന്നു. അവർ ഹരിദാസിനെ അങ്ങോട്ട് വിളിപ്പിച്ചു. അവനെ അവിടെ പാർപ്പിച്ചു. ക്രിസ്തീയവിശ്വാസത്തിൽനിന്ന് അവനെ വേർപെടുത്താൻ വേണ്ടിയാണ് അങ്ങനെ ചെയ്തത്. ഹരിദാസ് പക്ഷേ തന്റെ അമ്മായിയോടും അവിടെയുള്ളവരോടും സുവിശേഷം പറഞ്ഞു. അമ്മായിയുടെ മകൻ ബാലൻ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ച് ഏറ്റുപറഞ്ഞു. ആ ബാലനാണ് ഹരിദാസിന്റെ കൂടെ ഇപ്പോൾ വന്നിരിക്കുന്നത്.

ബാലൻ ഞാനെഴുതിയ പാട്ടും പാടിക്കൊണ്ടാണ് വരുന്നത്. എന്റെ അടുത്തേക്ക് എത്തിയ ഉടനെ അവൻ എന്നെ കെട്ടിപ്പുണർന്ന് കരഞ്ഞുകൊണ്ട് പറഞ്ഞു: “ഞാൻ രക്ഷിക്കപ്പെട്ടു, സാറേ. എനിക്ക് സമാധാനമായി ജീവിക്കണം. കർത്താവിനെക്കുറിച്ച് കൂടുതൽ അറിയണം.” ഈ സംഭവം വളരെ അനുഗ്രഹമായി. (ഹരിദാസ് സുവിശേഷവേലയോട് വലിയ താത്പര്യമുള്ളവനായതുകൊണ്ട് എന്റെ കൂടെ വേലയിൽ പങ്കാളിയായി. പിന്നീട് കർത്താവിന്റെ വേലയ്ക്കുവേണ്ടി താൻ പൂർണ്ണമായി വേർതിരിഞ്ഞു. ഇന്ന് അദ്ദേഹം നല്ലൊരു സുവിശേഷകനായും സഭാമൂപ്പനായും പ്രവർത്തിക്കുന്നു.)

ബാലൻ പിന്നീട് ഇവിടെ വന്ന് വീട് വച്ച് താമസിച്ചു. അദ്ദേഹം വിവാഹിതനായിരുന്നു. മക്കളില്ല. എല്ലാ ദിവസവും കൂലിവേലയ്ക്കു പോകുന്ന ബാലൻ ആഴ്ചയിൽ ഒരു ദിവസത്തെ കൂലി എന്നെ ഏൽപിക്കും. ഞാൻ അത് വാങ്ങാറുണ്ട്. അന്ന് ഇരുപത് രൂപയോ മറ്റോ ആണ് ഒരു ദിവസത്തെ കൂലി. ബാലൻ എല്ലാ ക്ലാസ്സുകൾക്കും ഉത്സാഹത്തോടെ വരികയും വചനം കേൾക്കുകയും വചനം മനഃപാഠമാക്കുകയും ചെയ്യുന്ന ആളായിരുന്നു. പക്ഷേ ഭാര്യ ശക്തമായ എതിർപ്പും വിദ്വേഷവും കാണിച്ചു. അവന്റെ വീട്ടിൽ ഇതിനെച്ചൊല്ലി എന്നും കലഹമായിരുന്നു.

ഒരാഴ്ച ബാലൻ യോഗത്തിനും ക്ലാസ്സിനും വന്നില്ല. നാട്ടിലെങ്ങാനും പോയതായിരിക്കും എന്ന് ഞങ്ങൾ കരുതി. രണ്ടാഴ്ച യോഗത്തിനും ക്ലാസ്സിനും വരാതിരുന്നപ്പോൾ ഞങ്ങൾ അതിനെക്കുറിച്ച് അന്വേഷിച്ചു. അവിടെയുള്ള ഒരു ചായക്കടക്കാരൻ, “ബാലൻ എല്ലാ ദിവസവും രാവിലെ ജോലിക്ക് പോകുന്നത് കാണാറുണ്ട്” എന്ന് ഞങ്ങളോടു പറഞ്ഞു. അന്ന് വൈകീട്ട് ഞാൻ ചായക്കടയിൽ ബാലൻ വരുന്നതും നോക്കി കാത്തിരുന്നു. ആറുമണിയായപ്പോൾ അവൻ ബസ്സിൽ വന്നിറങ്ങുകയും തൊട്ടടുത്ത ഒരു പലചരക്കുകടയിൽനിന്ന് സാധനങ്ങളൊക്കെ വാങ്ങി വീട്ടിലേക്ക് നടക്കുകയും ചെയ്തു.

തന്റെ വീട്ടിലേക്ക് കഷ്ടി എഴുന്നൂറ് മീറ്റർ മാത്രമേ ഉള്ളൂ. അല്പം കയറ്റമുള്ള സ്ഥലമാണ്. ബാലൻ റോഡിലേക്കിറങ്ങി നടക്കാൻ തുടങ്ങുമ്പോൾ ഞാൻ പുറകെ ചെന്ന്, “സഹോദരൻ ബാലാ” എന്നു വിളിച്ചു. അപ്പോഴേക്കും

അവൻ ഓടി. പുറകെ ഞാനും ഓടി. ഏകദേശം അഞ്ഞൂറ് മീറ്ററോളം ഞങ്ങൾ ഓടി. പിന്നെ കയറ്റമാണ്. ബാലൻ ക്ഷീണിച്ചുനിന്നു. ഞാൻ ഒപ്പമെത്തി. "എന്താ സഹോദരൻ ബാലൻ ഓടിയത്?" എന്ന് ഞാൻ ചോദിച്ചപ്പോൾ "ഞാൻ സാറിനെ കണ്ട് ഓടിയതാണ്" എന്ന് താൻ മറുപടി പറഞ്ഞു. "എന്തിനാ ഓടിയത്?" എന്ന് ചോദിച്ചപ്പോൾ "ഞാൻ പിന്മാറ്റത്തിലായതുകൊണ്ട് എനിക്ക് സാറിനെ കാണാൻ കഴിയില്ല" എന്നു പറഞ്ഞു.

ഞാൻ അവന്റെയൊപ്പം വീട്ടിൽ ചെന്നു. അവന്റെ ഭാര്യ എന്നെ കണ്ടപ്പോൾ ബഹുമാനത്തോടെയാണ് ഇടപെട്ടത്. കട്ടൻകാപ്പി തന്നു. ഞാൻ കുറച്ചുനേരം അവിടെയിരുന്ന് സംസാരിച്ചു. പ്രാർത്ഥിച്ചു. ഏതായാലും ബാലൻ തുടർന്ന് ക്ലാസ്സിൽ വരാൻ തുടങ്ങി. പിന്നീട് അവൻ അങ്ങനെ ഓടിയിട്ടില്ല. ബാലൻ ബൈബിൾ ക്ലാസ്സിന് വന്നു. തന്റെ ഭാര്യയും കുറച്ചുകാലം ക്ലാസ്സിനു വന്നു.

അവർക്ക് മക്കളില്ലായിരുന്നു. നാലോ അഞ്ചോ തവണ അബോർഷൻ ഉണ്ടായി. ഭാര്യ ബാലനെ ഉപേക്ഷിച്ച് പോകും എന്നുവരെ പറഞ്ഞു. അവരെ രണ്ടുപേരെയും ഹാളിൽ വരുത്തി, അവർക്കുവേണ്ടി പ്രാർത്ഥിച്ചു. തുടർന്നുള്ള നാളുകളിൽ ദൈവം രണ്ട് ആൺമക്കളെ അവർക്കു കൊടുത്തു. ആ മക്കളൊന്നും വിശ്വാസത്തിൽ വന്നില്ല. ബാലൻ പിന്നെയും മൂവാറ്റുപുഴയിലേക്ക് പോയി. പോസ്റ്റോഫീസിൽ ജോലി ലഭിച്ചു. ഇപ്പോൾ റിട്ടയേർഡ് ആയി. അവിടെയുള്ള ഒരു സഭയിൽ യോഗത്തിന് പോകുന്നുണ്ട്. താൻ മാത്രമേ ആ കുടുംബത്തിൽനിന്ന് വിശ്വാസത്തിലുള്ളൂ.

സുവിശേഷവേലയും സഭാപരിപാലനവും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കാൻ ഈ അവസരത്തിൽ ഞാൻ ആഗ്രഹിക്കുന്നു. സുവിശേഷവേലയിൽ ആളുകളോട് സുവിശേഷം പറഞ്ഞാൽ മതി. എന്നാൽ സഭാപരിപാലനം താരതമ്യേന വളരെ പ്രയാസമാണ്. ഒരാളെ വചനം പഠിപ്പിച്ച് മുന്നോട്ടുകൊണ്ട് വന്ന് നടത്തിക്കൊണ്ടുപോകുന്നതിന്റെ ബദ്ധപ്പാട് എത്രയോ വലിയതാണ്. ഒരാളെ കണ്ടില്ലെങ്കിൽ ആ ആളെക്കുറിച്ചുള്ള ആവലാധി, അയാളെക്കുറിച്ചുള്ള അന്വേഷണം... ഇതിന്റെയെല്ലാം ഭാഗമായാണ് ഞാൻ അന്ന് ബാലന്റെ പുറകെ ഓടിയത്.

തലേ ദിവസം ഉണ്ടായ മറ്റൊരു സംഭവം കൂടി ഇതോടുള്ള ബന്ധത്തിൽ പറയേണ്ടതുണ്ട്. അന്ന് രാത്രി ബൈബിൾക്ലാസ്സുണ്ടായിരുന്നു. ക്ലാസ്സ് കഴിഞ്ഞാൽ പിന്നെ ചോദ്യങ്ങളും വാദങ്ങളും തർക്കങ്ങളുമെല്ലാമായി കുറെ നേരം അവിടെ ചെലവഴിക്കും. ഞാൻ ബൈബിൾക്ലാസ്സ് കഴിഞ്ഞ് വീട്ടിലേക്ക് തിരിച്ചുവരുമ്പോൾ രാത്രി പന്ത്രണ്ടുമണിയോട് അടുത്തിരുന്നു. എന്റെ ഇളയമകൾ ആടിനെ വളർത്തുന്നുണ്ട്. ഒരു ആട്ടിൻകുട്ടിയും തള്ളയാടും പാറക്കെട്ടുകളിൽ അകപ്പെട്ടുപോയി.

ഞാൻ വീട്ടിൽ ചെന്നപ്പോൾ എന്റെ മക്കൾ കരയുന്നത് കണ്ടു. ആ പാതിരാത്രിയിൽ ആട്ടിൻകുട്ടിയെയും തള്ളയാടിനെയും രക്ഷിക്കുവാൻ ഞാൻ ഇറങ്ങിപുറപ്പെട്ടു. വളരെ പ്രയാസകരമായി തോന്നി. വീട്ടിൽനിന്ന് വലിയൊരു തോട്ടിയെടുത്ത് അതിൽ കുരുക്കിട്ട് ഞാൻ ആ പാറയുടെ മുകളിൽ പോയി, ആട്ടിൻകുട്ടിയുടെ കഴുത്തിൽ കുരുക്ക് വീഴ്ത്തി, പതുക്കെ പതുക്കെ അതിനെ സൈഡിലൂടെ നടത്തി മുകളിലേക്ക് കൊണ്ടുവന്നു. തള്ളയാടും കയറിവന്നു. രണ്ടുമൂന്നു മണിക്കൂർ എനിക്ക് പണിപ്പെടേണ്ടി വന്നു. ഞാൻ രണ്ടിനേയും വീട്ടിൽ കൊണ്ടുവന്നു കെട്ടിയിട്ടു.

ബാലനെ കാണാത്തിന്റെ മനോഭാരം എനിക്ക് ആ സമയത്തുണ്ടായിരുന്നു. ബാലനും ഇതുപോലെ നഷ്ടപ്പെട്ട ആടാണ് എന്ന ചിന്ത എന്നെ അസഹ്യപ്പെടുത്തി. പാറക്കെട്ടിനുള്ളിൽ അകപ്പെട്ട ആട്ടിൻകുട്ടിയെ കണ്ടെത്തിയതുപോലെ അവനെയും കണ്ടെത്തണമെന്നും മടക്കിക്കൊണ്ടുവരണമെന്നും ഉള്ള തീവ്രമായ ആഗ്രഹം എന്റെ ഉള്ളിലുണ്ടായി. അതുകൊണ്ടാണ് ഞാൻ ബാലന്റെ പിന്നാലെ ഓടുവാൻ ഇടയായത്.

ഇന്നും ഇതുപോലെയുള്ള ആത്മഭാരം എനിക്കുണ്ട്. ക്രമം കെട്ടവരായ പലരെയും പലതവണ ഉപദേശിച്ചിട്ടും ഫലം കാണാതെ വന്നപ്പോൾ പറഞ്ഞുവിട്ടിട്ടുണ്ട്. എങ്കിലും ഓരോ വിശ്വാസിയെയും കുറിച്ചുള്ള ഭാരം എന്നിൽ എപ്പോഴുമുണ്ട്. രാത്രികാലങ്ങളിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കാറുണ്ട്. അവർക്കുവേണ്ടി കരുതാറുണ്ട്. ഞാൻ എന്റെ സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി ആരോടും ഒന്നും ചോദിച്ചിട്ടില്ല. എനിക്കൊന്നുമില്ലെങ്കിലും മറ്റുള്ള സഹോദരങ്ങൾക്കുവേണ്ടി ഞാൻ പലരെയും ചെന്നുകാണുകയും അവരോട് ചോദിക്കുകയും ചെയ്യാറുണ്ട്. ഇപ്പോഴും അങ്ങനെ ചെയ്യാറുണ്ട്.

മത്തായി 28:18-20, മർക്കൊസ് 16:15-17, ലൂക്കൊസ് 24: 44-47 തുടങ്ങിയ വാക്യങ്ങൾ ഉദ്ധരിച്ച് പലരും ലോകസുവിശേഷീകരണത്തിന്റെ പ്രാധാന്യം ഊന്നിപ്പറയാറുണ്ട്. അതുപോലെത്തന്നെ പ്രാധാന്യമുള്ളതാണ് കർത്താവ് പത്രൊസിനോട് പറഞ്ഞ കാര്യം. ഏറ്റവും ബുദ്ധിമുട്ടുള്ള ജോലിയാണ് പത്രൊസിനോട് കർത്താവ് പറഞ്ഞത്. "എന്റെ കുഞ്ഞാടുകളെ മേയ്ക്ക", "എന്റെ ആടുകളെ പാലിക്ക", "എന്റെ ആടുകളെ മേയ്ക്ക" (യോഹന്നാൻ 21). മൂന്നു തവണ കർത്താവ് അത് ആവർത്തിച്ചുപറഞ്ഞു. പത്രൊസ് തന്റെ ജീവിതകാലത്ത് അത് കൃത്യമായി പാലിച്ചു.

താൻ അപ്പൊസ്തലനും പ്രവാചകനും എല്ലാം ആയിരുന്നുവെങ്കിലും പൂർണ്ണഇടയൻ കൂടിയായിരുന്നു. തന്റെ ജീവിതം ആടുകൾക്കുവേണ്ടി ചെലവഴിച്ചു. ഇന്ന് സഭകളിലെ ശിഥിലീകരണത്തിനും ഭിന്നതയ്ക്കും കാരണം ഇടയന്മാരുടെ പരിപാലനത്തിലെ കുറവാണ്. ആടുകളെ തേടിയുള്ള അലച്ചിലിലും കുറവു വന്നു.

**(തുടരും)**

# യോനാ
## (പുസ്തകപഠനം)

16

**-എംവിഎസ്-**

**യോനാ - ഒന്നാം അദ്ധ്യായം**

**യോനാ 1:8**

**യോനായോട് നാല് ചോദ്യങ്ങൾ**

1. നിന്റെ തൊഴിൽ എന്ത്?

2. നീ എവിടെനിന്ന് വരുന്നു?

3. നിന്റെ നാട് ഏത്?

4. നീ ഏത് ജാതിക്കാരൻ?

ഈ ചോദ്യങ്ങൾക്കെല്ലാം യോനാ അടുത്ത വാക്യത്തിൽ മറുപടി പറയുന്നുണ്ട്. അത് പരിശോധിക്കുന്നതിനു മുമ്പ് ഈ ചോദ്യങ്ങൾ നമ്മോട് ആരെങ്കിലും ചോദിച്ചാൽ നാം എന്ത് മറുപടി കൊടുക്കും എന്ന് ചിന്തിക്കാം.

**1. നിന്റെ തൊഴിൽ എന്ത്?**

ഇതിനെക്കുറിച്ച് നാം കഴിഞ്ഞ ലക്കത്തിൽ ചിന്തിച്ചതാണ്. ദൈവത്തിന്റെ പ്രവാചകനാണ് യോനാ. അതാണ് യോനയുടെ തൊഴിൽ. സ്വന്തം തൊഴിലിൽ വിശ്വസ്തത കാണിക്കാതെ പുതിയ മേച്ചൽപ്പുറം തേടിയിറങ്ങിയ യോനായെ ഒന്നുണർത്തുവാൻ ഈ ചോദ്യശരങ്ങൾ സഹായിക്കേണ്ടതാണ്.

**2. നീ എവിടെനിന്ന് വരുന്നു?**

യഹോവയുടെ സന്നിധിയിൽനിന്ന് ഓടിപ്പോരുന്നവനോടാണ് (1:3) ഈ ചോദ്യം. യേശുവിനെ കാണിച്ചുകൊടുത്ത യൂദായോട് ഈ ചോദ്യം ചോദിച്ചാൽ, "ഞാൻ യേശുവിന്റെ സന്നിധിയിൽ നിന്നു വരുന്നു" എന്ന് അവൻ മറുപടി പറയണം. സഭായോഗങ്ങളിൽ പങ്കെടുക്കാതെ കല്യാണത്തിന് പോകുന്നവർ ഈ ചോദ്യം സ്വയം ചോദിക്കട്ടെ. ലോകത്തെ സ്നേഹിച്ച് പൗലൊസിനെ വിട്ട് പോയ ദേമാസ് ഈ ചോദ്യം സ്വയം ചോദിക്കട്ടെ. ദൈവത്തിൽ നിന്ന് അകലുമ്പോൾ ഈ ചോദ്യം നാമും സ്വയം ചോദിക്കണം.

സാമ്പത്തികമോഹങ്ങൾ നിമിത്തം, ലോകസ്നേഹം നിമിത്തം, സഭയിലെ സഹോദരങ്ങൾ തമ്മിലുള്ള ശത്രുത നിമിത്തം... ഇങ്ങനെ പല കാരണങ്ങൾ നിമിത്തം വിശ്വാസജീവിതം ഉപേക്ഷിച്ച് ദൈവസന്നിധിയിൽ നിന്ന് ഓടിപ്പോകുന്നവരുണ്ട്. ഈ ചോദ്യം അവരെയെല്ലാം ഉണർത്തും. ദൈവസന്നിധി ഉപേക്ഷിച്ചാണ് വരുന്നത് എന്ന മറുപടി അവരുടെ ഉള്ളിൽ ഒരു കുത്തൽ ഉളവാക്കിയാൽ നന്ന്. ആത്മികമായ ഒരു തിരിച്ചുവരവിന് അത് കാരണമാകും.

**3. നിന്റെ നാട് ഏത്?**

യോനായുടെ നാട് ഗത്ത്-ഹേഫർ ആണ് (2 രാജാക്കന്മാർ 14:25). ഗത്ത്ഹേഫർകാരനായ യോനാ, തർശീശ്കാരനായ യോനാ ആകുവാൻ ശ്രമിക്കുമ്പോഴാണ് ഈ ചോദ്യം.

ദൈവജനം  താമസിക്കുന്ന സ്ഥലമാണ് ഗത്ത്-ഹേഫർ. തർശീശ് അങ്ങനെയല്ല. ഗത്ത്ഹേഫെർക്കാരനായ യോനായിലൂടെ അരുളിച്ചെയ്യാനാണ് ദൈവത്തിനിഷ്ടം. തർശീശുകാരനായ യോനായിലൂടെ അരുളിച്ചെയ്യാൻ ദൈവത്തിന് താത്പര്യമില്ല. അതുകൊണ്ടാണ് കടൽ ക്ഷോഭിക്കാൻ ദൈവം ഇടവരുത്തിയത്. ഗത്ത്ഹേഫെർകാരനായ യോനായാണ് ദൈവത്തിന്റെ ദാസൻ. ദൈവജനം താമസിക്കുന്ന സ്ഥലമാണത്. ആ ജനത്തിന് എന്തൊക്കെ കുറവുകൾ ഉണ്ടെന്നു വന്നാലും, അവർ ദൈവത്താൽ സ്നേഹിക്കപ്പെടുകയും പരിപാലിക്കപ്പെടുകയും ചെയ്യുന്നവരാണ്.

പ്രശ്നങ്ങളിൽ പെട്ട് ഉഴലുമ്പോൾ നമുക്ക് ചോദിക്കാം: നിന്റെ നാട് ഏത്?  ഭക്തകവിയുടെ മറുപടി നോക്കുക.

*എന്റെ ദേശം ഇവിടെയല്ല*
*ഇവിടെ ഞാൻ പരദേശവാസിയാണല്ലോ*
*അക്കരെയാണ് എന്റെ ശാശ്വതനാട്*
*അവിടെനിക്കൊരുക്കുന്ന ഭവനമുണ്ട്*

ഇത് നമ്മുടെ പരദേശമാണ്. എത്ര കാലം നാം ഈ ദേശത്ത് ഉണ്ടായിരിക്കും എന്നു ചിന്തിക്കുക. ഈ ചുരുങ്ങിയ കാലഘട്ടത്തിനുവേണ്ടി നാം ദൈവത്തെ വിട്ടു പിന്മാറണമോ?  നമ്മുടെ ഭക്തി നാം ഉപേക്ഷിക്കണോ? കടുത്ത മാനസികസമ്മർദ്ദം വരുമ്പോൾ ഞാൻ ഇങ്ങനെ ചിന്തിക്കാറുണ്ട്. പരമാവധി എത്ര കാലം ഞാൻ ജീവിക്കും?  ഈ ചോദ്യം സ്വയം ചോദിക്കുമ്പോൾ എനിക്ക് വലിയ അളവിൽ ഊർജ്ജം ലഭിക്കാറുണ്ട്.

**4. നീ ഏത് ജാതിക്കാരൻ?**

യെഹൂദൻ.

യെഹൂദന് തർശീശിൽ എന്തു കാര്യം? മിസ്രയീമിൽനിന്ന് ദൈവം തന്റെ ജനത്തെ കൊണ്ടുവന്നത് അവർ തർശീശിലേക്ക് ഓടിപ്പോകാനാണോ? നൊവൊമിയും കുടുംബവും മോവാബിലേക്ക് ഓടിപ്പോയി (രൂത്തിന്റെ പുസ്തകം). എന്നിട്ട് എന്ത് നേടി? നൊവൊമിക്ക് പറയാനുള്ള മറുപടി ഇതാണ്: "നിറഞ്ഞവളായി ഞാൻ പോയി. ഒഴിഞ്ഞവളായി യഹോവ എന്നെ മടക്കിവരുത്തിയിരിക്കുന്നു" (രൂത്ത് 1:21). ക്ഷാമം നിമിത്തമാണ് അവർ മോവാബിലേക്ക് പോയത്. പക്ഷേ പോകുമ്പോൾ താൻ നിറഞ്ഞവൾ ആയിരുന്നുവെന്നാണ് നൊവൊമി ഇപ്പോൾ പറയുന്നത്. എത്ര കഠിനമായ ക്ഷാമം വന്നാലും ദൈവജനത്തേയും ദൈവത്തെയും വിട്ട് അവൾ മോവാബിലേക്ക് പോകരുതായിരുന്നു.

നമ്മോട് ചോദിക്കാം: നീ ഏത് ജാതിക്കാരൻ?

ഞാൻ ക്രിസ്ത്യാനി.

പത്രൊസ് പ്രബോധിപ്പിക്കുന്നു: "ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിക്കേണ്ടി വന്നാലോ ലജ്ജിക്കരുത്. ഈ നാമം ധരിച്ചിട്ട് ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടത്" (1 പത്രൊസ് 4:16). ക്രിസ്ത്യാനിയാണെന്ന് നാം എന്നും അഭിമാനത്തോടെ ചിന്തിക്കണം. മറ്റുള്ളവരുടെ പരിഹാസങ്ങൾക്കും പീഡകൾക്കും ഒരു ക്രിസ്ത്യാനിയെ തളർത്താൻ കഴിയില്ല. ലോകത്തിലെ ഇമ്പങ്ങൾക്ക് ഒരു ക്രിസ്ത്യാനിയെ പ്രലോഭനത്തിൽ അകപ്പെടുത്തി നശിപ്പിക്കാൻ കഴിയരുത്.

**യോനയേ ഉണരുക**

കപ്പലിന്റെ അടിത്തട്ടിൽ കിടന്ന് നല്ലവണ്ണം ഉറങ്ങുകയായിരുന്ന യോനായെ കപ്പൽപ്രമാണിയാണ് വിളിച്ചുണർത്തിയത്. ഇനി അവൻ ആത്മികമായ ഉറക്കത്തിൽനിന്നുകൂടി ഉണരണം. അതിലേക്ക് അവനെ നയിക്കത്തക്ക രീതിയിൽ ദൈവം അവന്റെ സാഹചര്യങ്ങളെ ക്രമീകരിക്കുന്നു. കപ്പലിലുള്ളവർ ചോദിച്ച ഈ ചോദ്യങ്ങളെല്ലാം അതിന്റെ ഭാഗമാണ്. തുരുതുരെയുള്ള ഈ ചോദ്യങ്ങൾ യോനായെ ചിന്തിപ്പിക്കാൻ പര്യാപ്തമായവയായിരുന്നു. അവൻ മൂടിവച്ച അവന്റെ വ്യക്തിത്വം അങ്ങനെ അനാവരണം ചെയ്യപ്പെടാൻ ഇടയാകുന്നു.

ഈ നാലു ചോദ്യങ്ങളും ഇടയ്ക്കെല്ലാം നാം നമ്മോടുതന്നെ ചോദിക്കണം. ആത്മികമായ ഉണർവ്വിനും പിന്മാറ്റജീവിതത്തിൽനിന്നുള്ള തിരിച്ചുവരവിനുമെല്ലാം ഈ ചോദ്യങ്ങൾ വഴിതെളിക്കും. ദൈവവുമായി പറ്റിച്ചേർന്നു ജീവിക്കാനുള്ള കടപ്പാട് നമുക്കുണ്ട്. നിസ്സാരമായ കാരണങ്ങൾ പറഞ്ഞ്, ദൈവസന്നിധിയിൽനിന്ന് (സഭയിൽനിന്ന്) അകന്നുപോകുവാൻ ആർക്കും ഇടയാകരുത്.

**(തുടരും)**

# ജോർജ്ജും ബേബിയും



3

**സുവിശേഷീകരണത്തിനുവേണ്ടി നിലകൊള്ളുന്ന ദമ്പതികൾ**

**-എംവിഎസ്-**

### സ്വന്തം കയ്യാൽ ബൈബിൾ മുഴുവൻ എഴുതി

ദൈവവചനമായ ബൈബിൾ സ്വന്തകൈയാൽ എഴുതിത്തീർക്കുക എന്നത് ചെറിയൊരു കാര്യമല്ല. വളരെയധികം ക്ഷമയും ശ്രദ്ധയും ഉത്സാഹവും സമയവും ആരോഗ്യവും അതിനാവശ്യമാണ്. കുറെ വിശ്വാസികൾ അതിനുവേണ്ടി സമയം കണ്ടെത്തുകയും ബൈബിൾ മുഴുവൻ പകർത്തിയെഴുതുകയും ചെയ്തിട്ടുണ്ട്. അതിലൊരാളാണ് സഹോദരി ബേബി ജോർജ്ജ്. ഏകദേശം 6 മാസംകൊണ്ട്, കൃത്യമായി പറഞ്ഞാൽ 5 മാസവും 20 ദിവസവും കൊണ്ട്, ബൈബിൾ എഴുതി പൂർത്തിയാക്കി.

ഇംഗ്ലീഷ് KJV ബൈബിളാണ് ഇത്തരത്തിൽ എഴുതിത്തീർത്തത്. പഴയനിയമത്തിൽ യഹോവ പറഞ്ഞിട്ടുള്ളവയും പുതിയനിയമത്തിൽ യേശു പറഞ്ഞിട്ടുള്ളവയും എഴുതാൻ ചുവപ്പ് മഷിയാണ് ഉപയോഗിച്ചിട്ടുള്ളത്. അങ്ങനെ Red letter Bible ആണ് എഴുതിപൂർത്തിയാക്കിയത് എന്നു പറയാം. ആദ്യനാളുകളിൽ ഒരു ദിവസം മൂന്നോ നാലോ മണിക്കൂറുകൾ മാത്രമാണ് ബൈബിൾ പകർത്തിയെഴുതിയിരുന്നത്. പിന്നീടത് ദിവസവും ഏഴോ എട്ടോ മണിക്കൂറുകൾ വരെ എഴുതാൻ തുടങ്ങി. പുലർച്ച മൂന്നു മണിമുതൽ എഴുത്ത് ആരംഭിക്കുന്ന പതിവുണ്ടായിരുന്നു.

എഴുപത്തിയഞ്ച് പേനകൾ ഇതിനായി ഉപയോഗിക്കേണ്ടിവന്നു. 59 കറുത്ത മഷിയുള്ള പേനകളും 16 ചുവന്ന മഷിയുള്ള പേനകളും ആയിരുന്നു. ആ പേനകളെല്ലാം സൂക്ഷിച്ചുവച്ചിട്ടുണ്ട്. മറ്റുള്ളവർക്ക് ആ പേന കാണിച്ചുകൊടുത്തുകൊണ്ട് അവരെയും ബൈബിൾ ഇതുപോലെ പകർത്തിയെഴുതാനായി പ്രോത്സാഹിപ്പിക്കാൻ പ്രിയ സഹോദരി ആഗ്രഹിക്കുന്നു. പ്രിന്റു ചെയ്ത ബൈബിളുള്ളപ്പോൾ അതിന്റെ ഒരു കയ്യെഴുത്തുകോപ്പി ഉണ്ടാക്കേണ്ട ആവശ്യകതയെന്ത് എന്ന ചോദ്യം ആരെങ്കിലും ചോദിച്ചേക്കാം. ആ ചോദ്യം സഹോദരിയുടെ മനസ്സിലും ഉണ്ടായിരുന്നു. എന്നാൽ ആ ചോദ്യമുനയെയും അതിജീവിച്ച് താൻ ബൈബിൾ പകർത്തിയെഴുതാൻ തുടങ്ങി.

ബൈബിൾ പകർത്തിയെഴുതാനുള്ള സാഹചര്യം എന്തായിരുന്നു? ആരാണ് അതിന് പ്രോത്സാഹിപ്പിച്ചത്? എന്തായിരുന്നു ആ അനുഭവം? പ്രിയ വായനക്കാർക്കുവേണ്ടി സഹോദരി ബേബിജോർജ്ജ് തന്നെ ആ അനുഭവം പങ്കുവയ്ക്കുന്നു:

"ബൈബിൾ കൈകൊണ്ട് മുഴുവൻ പകർത്തിയെഴുതുന്ന കാര്യം എനിക്ക് ചിന്തിക്കാൻ പോലും കഴിയാത്ത കാര്യമായിരുന്നു. ചെന്നൈയിലെ *വേദാഗമ നൻപൻ* (Vethagama Nanban) എന്ന ക്രിസ്തീയസംഘടന ബൈബിൾ പകർത്തിയെഴുതാനായി വലിയൊരു പുസ്തകം തയ്യാറാക്കിയിരുന്നു. ഞങ്ങൾ ചെന്നൈയിൽ നിന്ന് നാട്ടിലേക്ക് വരാൻ തീരുമാനിച്ചപ്പോൾ, അതിലൊരു പുസ്തകം അവർ ഞങ്ങൾക്കും തന്നു. 'ജോലിയിൽ നിന്ന് വിരമിച്ചില്ലേ, സിസ്റ്റർ? അതുകൊണ്ട് സമയം ലഭിക്കും. ബൈബിൾ പകർത്തിയെഴുതണം' എന്നും പറഞ്ഞ് അവർ എന്നെ ആ പുസ്തകം ഏല്പിച്ചു"

"ബൈബിൾ വായിച്ചുതീർക്കാൻ തന്നെ ഒരു കൊല്ലം കൊണ്ട് കഴിയാറില്ല. പിന്നെ ഞാനിത് എങ്ങനെ എഴുതും എന്നു പറഞ്ഞ് ഒഴിവാകാൻ ശ്രമിച്ചെങ്കിലും, ആ സഹോദരൻ എന്നെ പ്രോത്സാഹിപ്പിച്ച് സംസാരിച്ചപ്പോൾ ആ പുസ്തകം ഞാൻ വാങ്ങിവച്ചു. എന്നിട്ടും, ബൈബിൾ എന്തിന് എഴുതണം? ബൈബിളിന്റെ കോപ്പികൾ എല്ലാ ഭാഷയിലും ലഭ്യമാണ് എന്നെല്ലാം ചിന്തിച്ച് ഞാൻ എഴുതാതിരുന്നു. എന്നാൽ എന്റെ 70-ാമത്തെ വയസ്സിൽ ഒരു അച്ചീവ്മെന്റ് (achievement) ആകട്ടെ എന്നു കരുതി ഞാൻ ബൈബിൾ പകർത്തിയെഴുതാൻ തുടങ്ങി"

"2021 ഒക്ടോബർ 1 -ാം തീയതി എഴുതുവാൻ ആരംഭിച്ചു. ഉല്പത്തി പുസ്തകം എഴുതിക്കഴിഞ്ഞപ്പോഴേക്കും ബൈബിൾ മുഴുവനായി എഴുതുവാൻ കഴിയുമോ എന്ന ഭയവും ആശങ്കയും എനിക്കുണ്ടായി. ആരും എന്നെ നിരുത്സാഹപ്പെടുത്തരുതെന്ന് കരുതി ബൈബിൾ പകർത്തിയെഴുതുന്ന കാര്യം ഞാനാരോടും പറഞ്ഞിരുന്നില്ല. എഴുത്ത് തുടർന്നപ്പോൾ ദൈവത്തിന്റെ വലിയ കൃപ അനുഭവിക്കാനും വളരെ ഉത്സാഹത്തോടെ എഴുതുവാനും ഇടയായി. അങ്ങനെ 2022 മാർച്ച് 20-ാം തീയതി എഴുതിത്തീർത്തു"

"ബൈബിൾ പകർത്തി എഴുതിക്കൊണ്ടിരുന്നപ്പോൾ ദൈവവചനത്തോട് കൂടുതൽ അടുപ്പവും പ്രതിപത്തിയും ഉണ്ടായി. പലപ്പോഴും വായിച്ചുവിട്ട വചനങ്ങൾ എന്റെ ഹൃദയത്തോട് സംസാരിക്കാൻ തുടങ്ങി. എന്റെ പല കുറവുകളും എനിക്ക് വെളിപ്പെട്ടുവന്നു. പല വിഷയങ്ങളും ദൈവത്തോട് ഏറ്റുപറയുന്നതിനും ആശ്വാസം പ്രാപിക്കുന്നതിനും ഇടയായി. ദൈവസന്നിധിയിൽ എന്നെത്തന്നെ വീണ്ടും വീണ്ടും സമർപ്പിക്കുവാൻ ഇടയായി. അത് നല്ലൊരു അനുഭവമായിരുന്നു"

### നിങ്ങൾക്കും കൈയെഴുത്ത് ബൈബിൾ തയ്യാറാക്കാം

സിസ്റ്റർ ബേബിജോർജ്ജ് ഇപ്രകാരം ബൈബിൾ എഴുതുമ്പോൾ തന്റെ ഭർത്താവായ ജോർജ്ജ്സാറിന്റെ പരിപൂർണ്ണപിന്തുണ ഉണ്ടായിരുന്നു. ഇതുപോലെ ബൈബിളിന്റെ കൈയെഴുത്ത് കോപ്പി തയ്യാറാക്കാൻ മറ്റുള്ള വർക്കും അവസരം ലഭിക്കുന്നതിനുവേണ്ടി, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഇമ്മാനുവേൽ പബ്ലിക്കേഷൻസ് വലിയ പുസ്തകങ്ങൾ നല്ല രീതിയിൽ ബൈൻഡ് ചെയ്ത് തയ്യാറാക്കിയിട്ടുണ്ട്. സമ്പൂർണ്ണബൈബിൾ എഴുതുന്നതിന് 1400 പേജുകളുള്ള പുസ്തകമാണ് ഉള്ളത്. പുതിയ നിയമവും സങ്കീർത്തനങ്ങളും സദൃശവാക്യങ്ങളും മാത്രമെഴുതുന്നതിന് 450 പേജുകളുള്ള മറ്റൊരു പുസ്തകവും തയ്യാറാക്കിയിട്ടുണ്ട്.

| സമ്പൂർണ്ണബൈബിൾ എഴുതുന്നതിനുള്ള പുസ്തകം | പുതിയനിയമം എഴുതുന്നതിനുള്ള പുസ്തകം |
|---|---|
|  |  |
| Size: 36 X 25 cm (Crown Half Size) | Size: 36 X 25 cm (Crown Half Size) |
| **1400 പേജുകൾ** | **450 പേജുകൾ** |
| **വില: 1000 രൂപ** | **വില: 500 രൂപ** |

ഇത് സംബന്ധിച്ച് കൂടുതൽ അറിയുന്നതിന് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക:

**93810 13991, 93820 13991**

(Emmanuel Publications, Mannuthy, Tcr)

സമയവും സൗകര്യവും സാഹചര്യവും ആരോഗ്യവും താത്പര്യവും ഉള്ളവർക്ക് മേല്പറഞ്ഞ പുസ്തകങ്ങൾ വാങ്ങി പ്രയോജനപ്പെടുത്താവുന്നതാണ്. താത്പര്യമുള്ളവർക്ക് അവരുടെ കൈകൊണ്ട് സ്വന്തഭാഷയിൽ ദൈവവചനമെഴുതാൻ ലഭിക്കുന്ന നല്ലൊരു അവസരമാണിതെന്ന് പാസ്റ്റർ ജോർജ്ജ് പറയുന്നു. വരുംതലമുറയ്ക്കുള്ള ജീവിക്കുന്ന സാക്ഷ്യമാണിതെന്നും ഈ അവസരം നഷ്ടപ്പെടുത്തരുതെന്നും കൂടി അദ്ദേഹം പ്രബോധിപ്പിക്കുന്നു.

ബൈബിളിന്റെ ഒരു കയ്യെഴുത്ത്പ്രതി തയ്യാറാക്കുന്നത് അനുഗ്രഹകരമായ ഒരു അവസ്ഥയാണ്. വൃത്തിയിലും നല്ല കയ്യക്ഷരത്തിലും എഴുതാൻ കഴിഞ്ഞാൽ ഏറെ നല്ലത്. വിശ്രമസമയങ്ങൾ പാഴാക്കാതെ പ്രയോജനകരമായ വിധം ചെലവഴിക്കാനും ദൈവവചനത്തോട് കൂടുതൽ ആഴമായ ബന്ധം വച്ചുപുലർത്താനും ഇതിലൂടെ കഴിയും.

**(തുടരും)**

എന്റെ ഡയറിക്കുറിപ്പുകൾ

-എംവിഎസ്-

# ഓർമ്മകൾ

(ചിന്തകൾ പന്തങ്ങളാകുമ്പോൾ)

43

## ബലിയാട്!

**1984**

ഞാൻ ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന സമയം. കൊട്ടേക്കാട് റോമൻ കത്തോലിക്കാ പള്ളിയിലെ അൾത്താരസംഘത്തിലെ അംഗമായിരുന്നു.

പെസഹാവ്യാഴം, ദുഃഖവെള്ളി നാളുകളിൽ ഇടവകയിലെ ഒരുവിധം ആളുകളെല്ലാം കുർബ്ബാനയിൽ പങ്കെടുത്ത് തിരുവോസ്തി സ്വീകരിക്കുന്നതുകൊണ്ട്, ധാരാളം ഓസ്തി അവിടെ സങ്കീർത്തിയിൽ വട്ടത്തിൽ മുറിച്ച് വച്ചിരുന്നു.

(പള്ളിയിൽ അൾത്താരയുടെ പുറകിലോ വശങ്ങളിലോ കാണുന്ന മുറിയാണ് സങ്കീർത്തി. ഗോതമ്പുമാവ് കൊണ്ടുണ്ടാക്കുന്നതും എല്ലാവർക്കും നാവിൽ വച്ചുകൊടുക്കുന്നതുമായ അപ്പമാണ് ഓസ്തി)

ചതുരത്തിലുള്ള വലിയ ഷീറ്റിൽ നിന്ന് വട്ടത്തിൽ ഓസ്തി വെട്ടിയെടുത്തതിനുശേഷം, ആ ഷീറ്റിൽ ബാക്കി വരുന്ന ഭാഗം അവിടെ ഒരു പാത്രത്തിൽ കൂട്ടിയിട്ടിരുന്നു. ഓസ്തി ഭദ്രമായി മാറ്റിവച്ചിരുന്നു.

ഓസ്തി വെട്ടിമാറ്റിയതിനുശേഷം ബാക്കി വന്ന ഭാഗം തിരുകർമ്മങ്ങളിൽ ഉപയോഗിക്കുന്നതല്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവിടെ പാത്രത്തിൽ കൂമ്പാരമായി കൂട്ടിവച്ചിരിക്കുന്നത്, ബാക്കിവന്നത് അഥവാ വെയ്സ്റ്റ് (waste) ആണെന്നർത്ഥം.

ഞാനും മറ്റു ചില അൾത്താരബാലന്മാരും കൂടി സങ്കീർത്തിയിൽ ചെന്നപ്പോൾ, തിരുവോസ്തി വെട്ടിയെടുത്തതിനുശേഷം ബാക്കിവന്ന കഷണങ്ങൾ രണ്ടു പാത്രങ്ങളിൽ കൂട്ടിവച്ചിരിക്കുന്നത് കണ്ടു. അവ ബാക്കിവന്ന കഷണങ്ങളും തുടർന്നുള്ള കർമ്മങ്ങളിൽ ഉപയോഗിക്കാൻ പറ്റാത്തവയുമാണെന്ന കാര്യം അറിയാവുന്നതുകൊണ്ട് ഞങ്ങൾ നാലഞ്ചുപേർ അതിൽനിന്നും എടുത്തു കഴിച്ചു.

കൂട്ടുകാരുടെ വീട്ടിൽ കറങ്ങിയടിച്ച് നടന്ന് ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞ് ഞാൻ വീട്ടിലെത്തുമ്പോൾ, ഞാൻ വരുന്നതും നോക്കി ഉമ്മറത്ത് നിൽക്കുന്ന അമ്മയെയാണ് കണ്ടത്. രണ്ടു കയ്യും പുറകിൽ പിടിച്ച് നിൽക്കുന്ന ആ നിൽപ്പിൽ

എന്തോ പന്തികേട് എനിക്ക് മണത്തു. ഞാൻ മുന്നിലേക്കുള്ള നടത്തം നിർത്തി.

"വേഗം വാ..." അമ്മ എന്നെ അടുത്തേക്ക് വിളിച്ചു.

"നിങ്ങടെ കയ്യിലെന്താ? കയ്യെന്താ പിന്നിൽ വച്ച് നിൽക്കുന്നത്?" ഞാൻ ആശങ്കയോടെ ചോദിച്ചു.

"അതൊക്കെ പറയാം. നീ വേഗം അടുത്തുവാടാ..." അമ്മയുടെ സ്വരത്തിലെ ദേഷ്യം ഞാൻ ശ്രദ്ധിച്ചു.

ഞാൻ അടുത്തേക്ക് ചെന്നില്ല. അമ്മ എന്റെ അടുത്തേക്ക് വരാൻ തുടങ്ങിയപ്പോൾ ഞാൻ ഓടി. അമ്മ പിന്നാലെ ഓടി വന്ന് കയ്യിലുണ്ടായിരുന്ന ചൂലുംകെട്ട് ഉന്നം തെറ്റാതെ എന്റെ പുറത്തേക്കെറിഞ്ഞു.

വേദനകൊണ്ട് പുളഞ്ഞ ഞാൻ പിന്നെയും ഓടിയപ്പോൾ, അമ്മ വിളിച്ചുപറഞ്ഞു: "ഓസ്തി കട്ടുതിന്ന് വന്നിരിക്കുന്നു. നിന്നോട് പള്ളീൽക്ക് ചെല്ലാൻ അച്ചൻ പറഞ്ഞിട്ടുണ്ട്. വേഗം ചെല്ല്. എന്നിട്ട് അച്ചന്റെ വായിലുള്ളതൊക്കെ ചെന്ന് കേക്ക്..."

ഞാൻ വ്യസനിച്ചുപോയി. കട്ടുതിന്നുവെന്ന്! അതും ഓസ്തി!

പള്ളിയിലേക്ക് ഞാൻ വേഗം ചെന്നു. അവിടെ ബാക്കിയുള്ള 'കട്ടുതീറ്റക്കാർ' അച്ചന്റെ അടുത്ത് നിൽപ്പുണ്ടായിരുന്നു. "ദേ സെബാസ്റ്റ്യൻ വരുന്നു" അവരിലൊരാൾ വിളിച്ചുപറയുന്നത് ഞാൻ കേട്ടു.

അച്ചൻ എന്നെ വളരെ ഗൗരവത്തിലും ദേഷ്യത്തിലും നോക്കി.

"അച്ചാ, സെബാസ്റ്റ്യനാണ് ഞങ്ങൾക്ക് അത് തന്നത്. ഞങ്ങളോട് തിന്നോളാൻ പറഞ്ഞപ്പോൾ ഞങ്ങൾ തിന്നു." കൂട്ടത്തിലെ മിടുക്കനായ ഒരുത്തൻ എന്റെ മേൽ പഴി ചാരി.

ബാക്കിയുള്ളവരും അതാവർത്തിച്ചു. ഞാൻ നിസ്സഹായനായി നിന്നു. വാസ്തവത്തിൽ എനിക്കത് ഒരു ഷോക്കായിരുന്നു. ബാക്കിയെല്ലാവരും സംഘം ചേർന്ന് എന്നെ പഴി ചാരിയപ്പോൾ, അങ്ങനെയല്ലെന്ന് വാദിക്കുന്നതിന് എനിക്ക് കഴിഞ്ഞില്ല.

മാത്രമല്ല, ഓസ്തിയല്ല കഴിച്ചതെന്നും വെട്ടിമാറ്റിയതിനുശേഷമുള്ള അവശിഷ്ടമാണ് കഴിച്ചതെന്നും വാദിക്കാനും നാവ് പൊന്തിയില്ല.

ബാക്കിയുള്ളവരെ അച്ചൻ വിട്ടയച്ചു. എന്നെ കുറെ ശകാരിച്ചു. ഞാൻ "ഇനിയുണ്ടാവില്ല അച്ചോ, എന്നോട് ക്ഷമിക്കണം" എന്ന് പറഞ്ഞു.

"പള്ളീല് പോയി അഞ്ച് സ്വർഗ്ഗസ്ഥനായ പിതാവും പത്ത് നന്മ നിറഞ്ഞ മറിയവും പോയി ചൊല്ലെടാ... എന്നിട്ട് വീട്ടില് പൊയ്ക്കോ" അച്ചന്റെ കർശനമായ നിർദ്ദേശം.

ഞാൻ അങ്ങനെ ചെയ്തു.

*ലേവ്യാപുസ്തകം 16 ൽ അസസേലിന് ചീട്ടു വീണ കോലാട്ടുകൊറ്റന്റെ കാര്യം പറയുന്നുണ്ട്. യിസ്രായേൽജനത്തിന്റെ മൊത്തം പാപത്തെ അതിന്റെ തലയിൽ ചുമത്തി, അതിനെ മരുഭൂമിയിൽ കൊണ്ടുപോയി വിടണം. ആ കോലാട്ടുകൊറ്റൻ മരുഭൂമിയിൽ ദാരുണമായി കൊല്ലപ്പെടും.*

*അസസേൽ എന്നത് ഹീബ്രുപദമാണ്. ആ പദത്തെ ഇംഗ്ലീഷ് ബൈബിളുകൾ ബലിയാട് എന്നർത്ഥം വരുന്ന scapegoat എന്നാണ് തർജ്ജമ ചെയ്തിരിക്കുന്നത്.*

*കുറ്റം മുഴുവൻ ഒരുത്തന്റെ മേൽ ചുമത്തി, ബാക്കിയുള്ളവർ രക്ഷപ്പെട്ടാൽ, കുറ്റം ചുമത്തപ്പെട്ടയാളെ നാം വിളിക്കുന്ന പേരാണ് 'ബലിയാട്'.*

*ഫുട്ബോൾടീം ദയനീയമായി തോറ്റാൽ അതിന്റെ കോച്ചിനെ നീക്കും. ടീം തോറ്റതിന്റെ മുഴുവൻ കുറ്റവും കോച്ചിന്റെ മേൽ വച്ചുകെട്ടുമ്പോൾ, വാസ്തവത്തിൽ സംഭവിക്കുന്നത് കോച്ച് ബലിയാടായി മാറുകയാണ്.*

*ഇങ്ങനെ ജീവിതത്തിൽ ബലിയാടായി ഞാൻ മാറിയ ഒരു സന്ദർഭമാണ് ഇവിടെ കുറിച്ചത്.*

*അതിനുശേഷവും ജീവിതത്തിൽ പല തവണ ബലിയാടായി മാറാൻ ഇടയായിട്ടുണ്ട്.*

*പരിചയമുള്ള വിശ്വാസികൾ തമ്മിൽ കല്യാണാലോചനകൾ നടന്നപ്പോൾ, താത്പര്യമില്ലാതെ ഒരു കൂട്ടർ ഒഴിഞ്ഞു. അപ്പോൾ മറ്റെ കൂട്ടർ അതിന്റെ കാരണം ചോദിച്ചു. "സെബാസ്റ്റ്യൻസഹോദരൻ താത്പര്യം കാണിച്ചില്ല" എന്ന മറുപടി പറഞ്ഞ് അവർ തടിതപ്പി. ഇങ്ങനെ പറഞ്ഞത് ഞാൻ അറിഞ്ഞുമില്ല!*

*അന്ന് രാത്രി, മറുഭാഗത്തുള്ള ഒരു സഹോദരിയും സഹോദരനും എന്നെ ഫോണിൽ വിളിച്ച് ചീത്ത പറയുമ്പോഴാണ് ഞാൻ ഇത് അറിയുന്നത്.*

*"അവരുടെ മോളുടെ കല്യാണക്കാര്യം ഞാനാണോ തീരുമാനിക്കുന്നത്" എന്നു പറഞ്ഞ് എന്റെ നിരപരാധിത്വം പ്രകടമാക്കാൻ ഞാൻ ശ്രമിച്ചുവെങ്കിലും അത് ഫലം കണ്ടില്ല. അവർക്ക് പറയാനുള്ള ചീത്തയെല്ലാം അവർ പറഞ്ഞു.*

*സെബാസ്റ്റ്യൻ എന്ന ബലിയാട്!*

*ഇതേ അനുഭവം പിന്നെയും മറ്റു രണ്ടു സന്ദർഭങ്ങളിൽ ആവർത്തിക്കുകയുണ്ടായി. മറുവശത്ത് നിന്ന് ഫോണിൽ വഴക്കും നീരസവും വിളിച്ചുപറയുമ്പോഴാണ് വീണ്ടും ബലിയാടായ കാര്യം ഞാൻ അറിയുന്നത്.*

*ആത്മികഗോളത്തിൽ ഞാൻ വീണ്ടും വീണ്ടും ബലിയാടായി മാറിയിട്ടുണ്ട്. സഭയിൽനിന്ന് ഒരാൾ പോയാൽ അത് ഞാൻ നിമിത്തമാണ് എന്നു പറഞ്ഞ് ബലിയാടാക്കപ്പെട്ട സന്ദർഭങ്ങൾ കുറെയുണ്ടായി. എന്റെ ഭാഗം ശ്രദ്ധിക്കാൻ പലരും താത്പര്യം കാണിച്ചില്ല. മറ്റുള്ളവർ പറയുന്നത് കേട്ട് അത് വിശ്വസിച്ച് അവരും അകലം പാലിച്ചുനിന്നു.*

പഴയനിയമത്തിലെ ബലിയാടുകൾ തിരിച്ചുവരില്ല. അത് മരുഭൂമിയിൽ ഒടുങ്ങിപ്പോകും. എന്നാൽ സെബാസ്റ്റ്യൻ എന്ന ബലിയാട് ഓരോ തവണയും തിരിച്ചുവന്നു! ദൈവത്തിന്റെ കൃപയാൽ! കടുത്ത മാനസിക പ്രയാസം പലപ്പോഴും തോന്നിയെങ്കിലും ഒടുങ്ങിപ്പോകാൻ ദൈവം ഇടയാക്കിയില്ല. ബൈബിൾക്ലാസ്സുകളും പ്രസംഗങ്ങളും എഴുത്തുകളുമായി ഈ ബലിയാട് തുടരുന്നു. ദൈവത്തിനു സ്തോത്രം! ❍

## www.reallifevoice.in

**ഡോ. എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളൂടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻഃ ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?
24. The Search for Truth
25. Youth and Mental Health
26. Suicide and Its Causes: What Does the Bible Say?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th September 2025

Posted at
Thrissur RMS

**ആനുകാലികം**

## ഇരയല്ല, പോരാളിയാണ്!

പ്രൊഫ. ടി. ജെ. ജോസഫ് പറഞ്ഞതാണിത്. തൊടുപുഴ ന്യൂമാൻ കോളേജിലെ മലയാളം അദ്ധ്യാപകനായിരുന്ന അദ്ദേഹത്തിന്റെ വലതുകൈ വെട്ടിമാറ്റുകയും ഇടത് തുടയിൽ കുത്തുകയും ചെയ്തു. പോപ്പുലർ ഫ്രണ്ടിന്റെ പ്രവർത്തകരാണത്രേ അങ്ങനെ ചെയ്തത്. മുഹമ്മദ് എന്ന പേര് ഒരു മോശം കഥാപാത്രത്തിന് കൊടുത്തുകൊണ്ട് ചോദ്യപേപ്പർ തയ്യാറാക്കി എന്നതാണ് കുറ്റം. മുഹമ്മദ് എന്ന പേരിൽ ഇവിടെ കുറെയാളുകളുണ്ടെങ്കിലും, തങ്ങളുടെ പ്രവാചകനെയാണ് അദ്ദേഹം ഉദ്ദേശിച്ചത് എന്ന് ആരോപിച്ചാണ് തീവ്രവാദികൾ അദ്ദേഹത്തെ ആക്രമിച്ചത്. 2010 ൽ ആയിരുന്നു ഇത്. തീവ്രവാദികളെ പേടിച്ച് കത്തോലിക്കാസഭ ജോസഫ്സാറിനെ കോളേജിൽനിന്ന് പുറത്താക്കി. തുടർന്ന് 2013 ൽ കോടതി അദ്ദേഹത്തെ കുറ്റവിമുക്തനാക്കി. ഇതു സംബന്ധിച്ച് അദ്ദേഹം ഒരു പ്രസംഗത്തിൽ പറഞ്ഞത് ഇപ്രകാരമാണ്:

“ഒരു പേര് ഉപയോഗിച്ചതിന്റെ പേരിലാണ് ഈ സ്വതന്ത്രഭാരതത്തിൽ എന്നെ മൂന്നു കൂട്ടർ ശിക്ഷിച്ചത്. ചെയ്യാത്ത കുറ്റത്തിന് മൂന്ന് കൂട്ടർ എന്നെ ശിക്ഷിച്ചു. ഒന്നാമത്തെ കൂട്ടർ, മതവികാരം വ്രണപ്പെട്ട മുസ്ലീംസഹോദരങ്ങളാണ്. അവരെ തൃപ്തിപ്പെടുത്താനായി ഭരണകൂടം എന്റെ പേരിൽ മതനിന്ദാകുറ്റം ചുമത്തി കേസെടുത്തു. ഇതാണ് രണ്ടാമത്തെ കൂട്ടർ. ഒളിവിൽ പോയ എന്നെ പിടിക്കാൻ പല ടീമുകളായി തിരിഞ്ഞ് പോലീസ് നടത്തിയ അത്രയും ഉത്സാഹം വേറെ ഏതെങ്കിലും പ്രതിക്കുവേണ്ടി കാണിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. എന്റെ സഭ നടത്തുന്ന കോളേജിൽനിന്ന് എന്നെ പിരിച്ചുവിട്ടു. ഇവരാണ് മൂന്നാമത്തെ കൂട്ടർ. ചെയ്യാത്ത തെറ്റിന് മൂന്നു കൂട്ടരാൽ ശിക്ഷിക്കപ്പെട്ട എനിക്ക് ഒരു ഇര എന്ന് എന്നെ വിശേഷിപ്പിക്കാൻ താത്പര്യമില്ല. ഞാൻ ഇരയല്ല, പോരാളിയാണ്.”

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V